**കേരള സർക്കാർ**

**സംഗ്രഹം**

പാലക്കാട് ജില്ലയിലെ ഒലവക്കോട് വാർഡ് നമ്പർ 1, ബ്ലോക്ക്-33 ൽ പെട്ടതും, പാലക്കാട് നഗരസഭയുടെ ഉടമസ്ഥതയിലുള്ളതുമായ 0.1058 ഹെക്ടർ സ്ഥലം ഫെയർ വാല്യൂ പ്രകാരം വില ഈടാക്കിക്കൊണ്ട് കെ. എസ്.ഇ.ബി - ക്ക് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറുന്നത് - പാലക്കാട് നഗരസഭയ്ക്ക് അനുമതി നൽകൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ)നം. 3404/2016/തസ്വഭവ തീയതി, തിരുവനന്തപുരം, 14/12/2016.

---

പരാമർശം: - 1. പാലക്കാട് നഗരസഭാ കൗൺസിലിന്റെ 13.03.2012 ലെ 189-ാം നമ്പർ തീരുമാനം.
2.പാലക്കാട് അഡീഷണൽ തഹസീൽദാരുടെ 16.06.2016 ലെ ജി4 - 2016/6410/9/500 നമ്പർ നടപടിക്രമം.
3.നഗരകാര്യ ഡയറക്ടറുടെ 04.07.2016 ലെ ജി3 - 14472/16 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് നഗരസഭയുടെ പരിധിയിലുള്ള കൽപ്പാത്തി, പുത്തൂർ, ഒലവക്കോട് എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒലവക്കോട് വാർഡ് നമ്പർ- 1 , ബ്ലോക്ക്-33, റീസർവ്വേ നം 1212/2-ൽപ്പെട്ട 30 സെന്റ് സ്ഥലം , ടി ഭൂമിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വില ഈടാക്കി കെ.എസ്.ഇ.ബി -ക്ക് കൈമാറുവാൻ പാലക്കാട് നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനമെടുത്ത്, നഗരകാര്യ ഡയറക്ടറുടെ പരാമർശം (2) കത്ത് പ്രകാരം സർക്കാർ അനുമതിയ്ക്കായി അപേക്ഷിച്ചിരുന്നു.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു പാലക്കാട് ജില്ലയിലെ ഒലവക്കോട് വാർഡ് നമ്പർ - 1, ബ്ലോക്ക്- 33 ൽ ഉൾപ്പെട്ടതും, റീസർവ്വേ നം 1212/2 എന്ന സബ്ഡിവിഷൻ പുനർവിഭജനം ചെയ്തു കൊണ്ടുള്ള സൂചന (2) ലെ നടപടിക്രമ പ്രകാരം റീസർവ്വേ നം 1212/6 ൽ 'നാളത് തോട്' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന 0.0315 ഹെക്ടർ ഭൂമി ഒഴിവാക്കിക്കൊണ്ട്, 1212/4, 1212/5 എന്നീ റീസർവ്വേ നമ്പരുകളിലുൾപ്പെട്ടതും പാലക്കാട് നഗരസഭയുടെ ഉടമസ്ഥതയിലുള്ളതുമായ 0.1058 ഹെക്ടർ (10.58 ആർ) ഭൂമി, ആർ ഒന്നിന് 1,30,000/- രൂപ ഫെയർ വാല്യൂ പ്രകാരം വില ഈടാക്കിക്കൊണ്ടും, ആയത് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് തന്നെ വിനിയോഗിക്കുമെന്ന് ഉറപ്പുവരുത്തിക്കൊണ്ടും കെ.എസ്.ഇ.ബി.

ക്ക് കൈമാറുന്നതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 215(1), 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പാലക്കാട് നഗരസഭ.
ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പേഷൻ ), കെ. എസ്. ഇ.ബി, വൈദ്യുതി ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ./എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ.